AWWF-D2-99/2021

കേരള അങ്കണവാടി വർക്കേഴ്സ് &
ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്
പൂജപ്പുര തിരുവനന്തപുരം
Email:awwfkerala@gmail.com
ഫോൺ:0471-2342433
തീയതി :11/04/2022

## പരിപത്രം

വിഷയം : വനിതാ ശിശു വികസന വകുപ്പ് -അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് – അങ്കണവാടി വർക്കർ /ഹെൽപ്പർമാരുടെ പ്രതിമാസ ക്ഷേമനിധി വിഹിതം നിക്ഷേപിക്കുന്നത് സംബന്ധിച്ച്

സൂചന: 1. ഈ ഓഫീസിലെ 11/02/2021 ലെ AWWF/D2-99/21 നമ്പർ പരിപത്രം
2. ഈ ഓഫീസിലെ 07/02/2022 തീയതിയിലെ AWWF/D2-99/21 നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .അങ്കണവാടി ജീവനക്കാരുടെ ക്ഷേമനിധി വിഹിതം എല്ലാ മാസവും 10 തീയതിക്കകം /ബിൽ മാറുന്ന ദിവസം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ പൂജപ്പുര ബ്രാഞ്ചിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ 57036988531 (IFSC:SBIN0070032) എന്ന അക്കൗണ്ട് നമ്പരിലേക്ക് നിക്ഷേപിക്കുന്നതിനും സൂചന (2) പ്രകാരം നൽകിയിട്ടുള്ള പ്രൊഫോർമ പ്രകാരം എല്ലാ സി ഡി പി ഓ മാരും എല്ലാ മാസവും 10 തീയതിക്കുള്ളിൽ ജില്ലാ വനിതാശിശുവികസനഓഫീസർക്ക് അയച്ചു കൊടുക്കേണ്ടതും കൺസോളിഡേറ്റഡ് റിപ്പോർട്ട് ജില്ലാ ഓഫീസർമാർ എല്ലാ മാസവും 15 തീയതിക്കുള്ളിൽ അങ്കണവാടി ക്ഷേമനിധി ബോർഡിലേക്ക് അയച്ചുതരേണ്ടതുമാണെന്ന് നിർദേശം നൽകിയിരുന്നു.

എന്നാൽ ജില്ലകളിൽ നിന്നും ലഭ്യമാകുന്ന അങ്കണവാടി ക്ഷേമ നിധി വിഹിതം സംബന്ധിച്ച പ്രതിമാസ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ മാസത്തേയും ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരം നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുകകൾ ഏത് ഐസിഡിഎസിൽ നിന്നുമാണെന്ന് കണ്ടെത്തുന്നത് ഏറെ ശ്രമകരമായി വരുന്ന സാഹചര്യത്തിൽ അങ്കണവാടി ജീവനക്കാരുടെ പ്രതിമാസ ക്ഷേമനിധി വിഹിതം ബിൽ മാറുന്ന ദിവസം തന്നെ അതാത് ശിശു വികസന പദ്ധതി ഓഫീസർമാർ **അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള 799010100002131 ടി. എസ്. ബി അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്യേണ്ടതും,** തുക ട്രാൻസ്ഫർ ആയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും, ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമ പ്രകാരം

എല്ലാ സി ഡി പി ഓ മാരും എല്ലാ മാസവും 10 തീയതിക്കുള്ളിൽ ജില്ലാ വനിതാ ശിശുവികസനഓഫീസർക്ക് വിവരങ്ങൾ അയച്ചു കൊടുക്കേണ്ടതും, കൺസോളിഡേറ്റഡ് റിപ്പോർട്ട് എക്സൽ ഷീറ്റിലുള്ള സോഫ്റ്റ് കോപ്പിയുൾപ്പെടെ ജില്ലാ ഓഫീസർമാർ 15 തീയതിക്കുള്ളിൽ അങ്കണവാടി ക്ഷേമനിധി ബോർഡിലേക്ക് അയച്ചുതരേണ്ടതുമാണ്. ജില്ലാ ഓഫീസുകളിൽ നിന്നും ലഭ്യമാക്കുന്ന ക്ഷേമനിധി വിഹിതം സംബന്ധിച്ച കൺസോളിഡേറ്റഡ് റിപ്പോർട്ടിൽ ഓരോ ഐ സി ഡി എസിൽ നിന്നും നിക്ഷേപിച്ച തുകയുടെയും തീയതിയുടെയും കൃത്യത ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം അയച്ചു തരേണ്ടതാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

**ക്ഷേമനിധി വിഹിതം നിക്ഷേപിക്കേണ്ട  റ്റി എസ്  ബി അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ**

| ക്ഷേമനിധി വിഹിതം നിക്ഷേപിക്കേണ്ട  റ്റി എസ് ബി അക്കൗണ്ട് നമ്പർ | ട്രഷറിയുടെ പേര് |
|---|---|
| 799010100002131 | **ജില്ലാ ട്രഷറി,  തിരുവനന്തപുരം** |

# പ്രൊഫോർമ

**ജില്ല:** **മാസം:**

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ഓണറേറിയം മാറിയ തീയതി | ക്ഷേമനിധി അംഗങ്ങൾ | | ആകെ | ക്ഷേമനിധി വിഹിതം അടച്ച അംഗങ്ങൾ | | ആകെ | ക്ഷേമനിധി വിഹിത തുക | | ആകെ | AWWF TSB A/C **(7990101 00002131)** ലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത തീയതി | ക്ഷേമനിധി വിഹിതം ട്രാൻസ്ഫർ ചെയ്യുന്ന സിഡിപിഒയുടെ TSB A/C നമ്പറും ചെക്ക് നമ്പറും |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | വർക്കർ | ഹെൽപ്പർ | | വർക്കർ | ഹെൽപ്പർ | | വർക്കർ | ഹെൽപ്പർ | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |